"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ്- തലശ്ശേരിയിൽ ആരംഭിക്കാൻ പോകുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ചിനോട് അനുബന്ധമായി ആരംഭിക്കുന്ന അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ്**

സ.ഉ.(കൈ) നം.30/2026/LAW തീയതി, തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. 16.08.2024 തീയതിയിലെ സ.ഉ.(കൈ)നം.15/2024/P&ARD നമ്പർ സർക്കാർ ഉത്തരവ്.
2. 11.12.2025 തീയതിയിലെ സ.ഉ.(കൈ)നം.23/2025/P&ARD നമ്പർ സർക്കാർ ഉത്തരവ്.
3. അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നുള്ള 05.02.2026 തീയതിയിലെ എഡി.ബി3-44629/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരമാർശം (1) പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒരു അഡീഷണൽ ബെഞ്ച് തലശ്ശേരിയിൽ ആരംഭിക്കുന്നതിനും, പ്രസ്തുത ബെഞ്ചിനോടനുബന്ധമായി അഡ്വക്കേറ്റ് ജനറലിന്റെ അഭ്യർത്ഥന പരിഗണിച്ചുകൊണ്ട് പരാമർശം (2) പ്രകാരം തലശ്ശേരിയിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ഒരു ശാഖ ആരംഭിക്കുന്നതിനും തത്വത്തിൽ അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന് പരാമർശം (3) പ്രകാരം അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തലശ്ശേരിയിൽ ആരംഭിക്കാൻ പോകുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ചിനോട് അനുബന്ധമായി ആരംഭിക്കുന്ന അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ സീനിയർ ഗവൺമെന്റ് പ്ലീഡറുടേയും ഗവൺമെന്റ് പ്ലീഡറുടേയും ഓരോ തസ്തികകൾ വീതവും താഴെപ്പറയും പ്രകാരം മറ്റ് തസ്തികകളും സൃഷ്ടിച്ച് ഉത്തരവാകുന്നു.

| Sl. No. | Name of Post | No. of Posts (Original proposal) |
|---|---|---|
| 1. | Deputy Secretary (107800-160000) | 1 |
| 2. | Section Officer (51400-110300) | 2 |
| 3. | Assistant (39300-83000) | 6 |
| 4. | Confidential Assistant (27900-63700) | 1 |

| | | |
|---|---|---|
| 5. | Computer Assistant (27900-63700) | 1 |
| 6. | Clerical Assistant (26500-60700) | 1 |
| 7. | Office Attendant (23000-50200) | 3 |
| 8. | Part Time Sweeper | 1 |
| TOTAL | | 16 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജി സനൽ കുമാർ
നിയമ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
2. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
3. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
6. നിയമ സെക്രട്ടറിയുടെ പി. എ.
7. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
9. പൊതുഭരണ (എസ്.സി.) വകുപ്പ് (13.03.2026 തീയതിയിലെ മന്ത്രിസഭ യോഗ തീരുമാനം. ഇനം നം. 3949).
10. ധനകാര്യ വകുപ്പ് (U.O(f)No.2559692/EXP-B3/306/2023-FIN dated 10.03.2026).
11. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
12. നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറിയുടെ സി. എ.
13. നിയമ (നോഡൽ) വകുപ്പ്.
14. നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ്.
15. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (INS-B1/29/2026-LAW).

ഉത്തരവിൻ പ്രകാരം

Signed by
Sajjad S
Date: 14-03-2026 17:13:24

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-03-2026**

ഫയൽ നം. 29/ഇൻസ്പെ.ബി1/2026/നിയമം. ഇനം നം: 3949

വിഷയം : നിയമ വകുപ്പ് - തലശ്ശേരിയിൽ പുതുതായി രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ചിനോടനുബന്ധമായി ആരംഭിക്കുന്ന അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

3949

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | നം.29/ഇൻസ്പെ.ബി1/2026/നിയമം |
| 2. | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് |
| 3. | വിഷയം | : | തലശ്ശേരിയിൽ പുതുതായി രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ചിനോടനുബന്ധമായി ആരംഭിക്കുന്ന അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12/03/2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ള താണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13/03/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13/03/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/03/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തലശ്ശേരിയിൽ ആരംഭിക്കാൻ പോകുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ചിനോടനുബന്ധമായി ആരംഭിക്കുന്ന അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ശാഖയിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒരു അഡീഷണൽ ബെഞ്ച് തലശ്ശേരിയിൽ ആരംഭിക്കുന്നതിന് സർക്കാർ 16.08.2024 തീയതിയിലെ സ.ഉ.(കൈ)നം.15/2024/P&ARD ഉത്തരവ് പ്രകാരം തത്വത്തിൽ അനുമതി നൽകിയിട്ടുള്ളതാണ്. അഡ്വക്കേറ്റ് ജനറലിന്റെ അഭ്യർത്ഥന പരിഗണിച്ചുകൊണ്ട് സർക്കാർ 11.12.2025 തീയതിയിലെ സ.ഉ.(കൈ)നം.23/2025/P&ARD ഉത്തരവ് പ്രകാരം തലശ്ശേരിയിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ഒരു ശാഖ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കണമെന്ന് അഡ്വക്കേറ്റ് ജനറൽ 05.02.2026 തീയതിയിലെ എഡി.ബി3-44629/2023 നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

| Sl. No. | Name of Post | Required number of posts |
|---|---|---|
| 1. | Senior Government Pleader | 2 |
| 2. | Government Pleader | 4 |

| Sl. No. | Name of Post | No. of Posts (Original proposal) | No. of Post – Phase-I | No. of Post – Phase-II |
|---|---|---|---|---|
| 1. | Joint Secretary / Deputy Secretary | 1 | 1 | 0 |
| 2. | Under Secretary | 1 | 1 | 0 |
| 3. | Section Officer | 3 | 2 | 1 |
| 4. | Assistant | 15 | 8 | 7 |
| 5. | Confidential Assistant | 5 | 3 | 2 |
| 6. | Computer Assistant | 2 | 1 | 1 |
| 7. | Clerical Assistant | 2 | 1 | 1 |
| 8. | Office Attendant | 7 | 4 | 3 |

| | | | | |
|---|---|---|---|---|
| 9. | Night Watchman | 1 | 0 | 1 |
| 10. | Part Time Sweeper | 1 | 1 | 0 |
| **TOTAL** | | **38** | **22** | **16** |

3. അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകുകയും 10.03.2026-ാം തീയതിയിലെ **U.O(f) No.2559692/EXP-B3/306/2023-FIN** പ്രകാരം, ആ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം നല്കിയിട്ടുള്ളതുമാണ്.

"തലശ്ശേരിയിൽ ആരംഭിയ്ക്കാൻ പോകുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അഡീഷണൽ ബെഞ്ചിനോട് അനുബന്ധമായി അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് സ്ഥാപിക്കുന്നതിന് ഒരു സീനിയർ ഗവ: പ്ലീഡർ, ഒരു ഗവ: പ്ലീഡർ നിയമനം നടത്തുന്നതിനും താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നല്കുന്നു.

| Sl. No. | Name of Post | No. of Posts (Original proposal) |
|---|---|---|
| 1. | Deputy Secretary | 1 |
| 2. | Section Officer | 2 |
| 3. | Assistant | 6 |
| 4. | Confidential Assistant | 1 |
| 5. | Computer Assistant | 1 |
| 6. | Clerical Assistant | 1 |
| 7. | Office Attendant | 3 |
| 8. | Part Time Sweeper | 1 |
| **TOTAL** | | **16** |

ഓഫീസ് സജ്ജീകരണത്തിനായി 2014-00-114-99-34-03 NV ശീർഷകത്തിൽ നിന്നും 27,55,171/-രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുവാനും അനുമതി നൽകുന്നു. ഇതിന് **ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ** അംഗീകാരമുണ്ട്. "

4. മേൽസാഹചര്യത്തിൽ, ധനകാര്യ വകുപ്പ് അനുമതി നൽകിയപ്രകാരം,

എ) തലശ്ശേരിയിൽ ആരംഭിക്കാൻ പോകുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ചിനോടനുബന്ധമായി അഡ്വക്കേറ്റ്

ജനറലിന്റെ ഓഫീസ് സ്ഥാപിക്കുന്നതിന് സീനിയർ ഗവൺമെന്റ് പ്ലീഡർ, ഗവൺമെന്റ് പ്ലീഡർ എന്നീ തസ്തികകളിൽ ഒന്ന് വീതം അധിക തസ്തികകൾ സൃഷ്ടിക്കാവുന്നതാണോ? എന്നതും

ബി) തലശ്ശേരിയിൽ ആരംഭിക്കാൻ പോകുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ചിനോടനുബന്ധമായി അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് സ്ഥാപിക്കുന്നതിന് 16 തസ്തികകൾ അതായത് :-

| Sl. No. | Name of Post | No. of Posts (Original proposal) |
|---|---|---|
| 1. | Deputy Secretary | 1 |
| 2. | Section Officer | 2 |
| 3. | Assistant | 6 |
| 4. | Confidential Assistant | 1 |
| 5. | Computer Assistant | 1 |
| 6. | Clerical Assistant | 1 |
| 7. | Office Attendant | 3 |
| 8. | Part Time Sweeper | 1 |
| **TOTAL** | | **16** |

സൃഷ്ടിക്കാവുന്നതാണോ?

എന്നതിലും തീരുമാനത്തിനായി മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാവുന്നതാണോ എന്നതിൽമേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 12.03.2026 തീയതിയിൽ ഉത്തരവിട്ടിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതികൾ

ധനകാര്യ വകുപ്പ് അനുമതി നൽകിയപ്രകാരം,

എ) തലശ്ശേരിയിൽ ആരംഭിക്കാൻ പോകുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ചിനോടനുബന്ധമായി ആരംഭിക്കുന്ന അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ സീനിയർ ഗവൺമെന്റ് പ്ലീഡറുടെയും, ഗവൺമെന്റ് പ്ലീഡറുടെയും ഓരോ തസ്തികകൾ സൃഷ്ടിക്കാവുന്നതാണോ? എന്നതും,

ബി) അഡ്വക്കേറ്റ് ജനറലിന്റെ പ്രസ്തുത ഓഫീസിൽ താഴെപ്പറയുന്ന തസ്തികകൾ

| Sl. No. | Name of Post | No. of Posts (Original proposal) |
|---|---|---|
| 1. | Deputy Secretary | 1 |
| 2. | Section Officer | 2 |
| 3. | Assistant | 6 |
| 4. | Confidential Assistant | 1 |
| 5. | Computer Assistant | 1 |
| 6. | Clerical Assistant | 1 |
| 7. | Office Attendant | 3 |
| 8. | Part Time Sweeper | 1 |
| **TOTAL** | | **16** |

സൃഷ്ടിക്കാവുന്നതാണോ?